**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധിച്ച തോതിലുള്ള ചെലവിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്, ഉൽപ്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം കാലികളുടെ തീറ്റച്ചെലവാണ്. കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ ഉത്പ്പാദിപ്പിക്കപ്പെടുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്, അത് കൊണ്ട് തന്നെ കാലിത്തീറ്റ വില വർദ്ധനവ് അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റത്തിന് ആനുപാതികമായാണ് ഉണ്ടാകുന്നത്.<br><br>കൂടാതെ നമ്മുടെ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ വേതനവും കൂടുതലാണ്. ഇതും ക്ഷീര മേഖലയിലെ ഉൽപ്പാദന ചിലവ് കൂടുന്നതിന് കാരണമാകുന്നുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റകൾ മറ്റ് ബദൽ തീറ്റ വസ്തുക്കൾ എന്നിവ പരമാവധി വില കുറച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി സർക്കാർ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം അവശ്യ സാധനങ്ങളുടെ വിലക്കയറ്റം മികച്ച ഉത്പ്പാദനശേഷിയുള്ള പശുക്കളുടെ വില വർദ്ധനവും അവയുടെ ദൗർലഭ്യവും ഡീസൽ വില വർദ്ധനവുമൂലമുണ്ടാകുന്ന ട്രാൻസ്പോർട്ടേഷൻ ചെലവും പണിക്കാരുടെ കൂലി വർദ്ധനവും വൈദ്യുതി ചാർജ്ജിലുണ്ടായ വില വർദ്ധനവും ഉത്പ്പാദനച്ചെലവുകൾ വർദ്ധിക്കുന്നതിന് കാരണങ്ങളാണ്. ക്ഷീര മേഖലയുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന മറ്റൊരു പ്രധാന ഘടകം കാലികളുടെ ചികിത്സാ ചിലവാണ്. ആവശ്യമായിവരുന്ന എല്ലാ സമയത്തും ലഭിക്കാവുന്നതും ചെലവ് കുറഞ്ഞതുമായ മൃഗ ചികിത്സാ സൗകര്യം ലാഭകരമായ പശുവളർത്തലിന് അനിവാര്യമാണ്. മരുന്നുകളുടെ ഉയർന്ന വിലയും |

| | | | |
|---|---|---|---|
| | | | കർഷകരുടെ വീട്ടുകളിലേയ്ക്കുള്ള യാത്രാ ബുദ്ധിമുട്ടുകളും മൃഗ ചികിത്സയ്ക്കുള്ള ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.<br><br>പശുക്കളുടെ വളർച്ചക്ക് ആവശ്യമായത് 40% കാലിത്തീറ്റയും 60% പച്ചപ്പുല്ലുമാണ്. കാലിത്തീറ്റയുടെ ഉത്പാദനം നടത്തുന്നത് കാർഷിക ഉത്പന്നങ്ങളും, അവയുടെ ഉപോത്പന്നങ്ങളും, ശാസ്ത്രീയമായ രീതിയിൽ മിശ്രണം ചെയ്താണ്. ഇങ്ങനെയുള്ള കാർഷിക ഉത്പന്നങ്ങളും, അവയുടെ ഉപോത്പന്നങ്ങളും, 1% പോലും കേരളത്തിൽ ഉത്പാദിപ്പിക്കുന്നില്ല എന്നുള്ളത് കാലിത്തീറ്റ നിർമ്മാണത്തിന് പ്രതിസന്ധി ഉണ്ടാക്കുന്ന ഘടകമാണ്. അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനാൽ ഗതാഗത സൗകര്യം ഏർപ്പെടുത്തി കയറ്റിറക്ക് കൂലി ഉൾപ്പെടെ കൊണ്ടുവരുമ്പോൾ ഗുണമേന്മയുള്ള കാലിത്തീറ്റയുടെ വില കൂടുതലാകുന്നു. എന്നാൽ ഏകീകൃതമായ സംവിധാനത്തിലൂടെ പ്രസ്തുത വിഷയം പരിഹരിക്കാൻ കഴിയും. |
| (ബി) | ക്ഷീര കർഷകർക്ക് ഉല്പാദന ചെലവിന് ആനുപാതികമായി ന്യായവില ലഭ്യമാക്കാൻ വില വർദ്ധനവിലൂടെ സാധ്യമായിട്ടുണ്ടോ; സർക്കാർ പ്രഖ്യാപിച്ച വില ഇൻസെന്റീവ് സർക്കാർ തുടർന്നും നൽകുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | ക്ഷീര കർഷകർക്കുള്ള പാൽ വില വർദ്ധനവ് 01.12.2022 മുതലാണ് പ്രാബല്യത്തിൽ വരുന്നത്. ആയത് കൊണ്ട് തന്നെ ഇതുമായി ബന്ധപ്പെട്ട കർഷകതലത്തിലുള്ള അഭിപ്രായങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതാണ്. എന്നിരുന്നാലും പാൽ വില വർദ്ധനവിലൂടെ കർഷകർക്ക് ഒരു ലിറ്റർ പാലിന് 5.025 രൂപ ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉൽപ്പാദന ചെലവിന് ആനുപാതികമായി ന്യായവില ലഭ്യമാക്കുവാൻ സാധിക്കും എന്നാണ് കരുതുന്നത്.<br><br>ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാർ പ്രഖ്യാപിച്ച ഇൻസെന്റീവ് തുടർന്നും നൽകുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുന്നതാണ് |
| (സി) | പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമം പരിഹരിക്കാൻ പ്രത്യേകം പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (സി) | പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമം പരിഹരിക്കാൻ വേണ്ടി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ |

| | | | |
|---|---|---|---|
| | | | മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. |
| (ഡി) | കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | അസംസ്കൃത വസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും മറ്റ് സ്വകാര്യ സംരംഭകർ കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചപ്പോഴും സർക്കാർ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പ്രത്യേക കാലയളവുകളിൽ ഡിസ്കൗണ്ടുകളും കാലിത്തീറ്റ സബ്സീഡിയും നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി കാലിത്തീറ്റ വില വർദ്ധനവ് വരുത്തിയ സാഹചര്യത്തിലും സർക്കാർ ക്ഷീര കർഷകരെ സഹായിക്കുന്നതിനു വേണ്ടി സബ്സീഡികൾ നൽകി വരുന്നു.<br><br>അസംസ്കൃത വസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും മറ്റ് സ്വകാര്യ സംരംഭകർ കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചപ്പോഴും മിൽമ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പ്രത്യേക കാലയളവുകളിൽ ഡിസ്കൗണ്ടുകളും മേഖലാ യൂണിയനുകൾ വഴി കാലിത്തീറ്റ സബ്സിഡിയും നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ മിൽമ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി കാലിത്തീറ്റ വില വർദ്ധവ് വരുത്തിയ സാഹചര്യത്തിലും മേഖലാ യൂണിയനുകൾ അവരുടെതായ നിലയിൽ ക്ഷീര കർഷകരെ സഹായിക്കുന്നതിനു വേണ്ടി സബ്സിഡികൾ നല്കി വരുന്നു.<br><br>കേരള ഫീഡ്സ് ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റകൾ ഏറ്റവും ന്യായമായ വിലയ്ക്ക് ആണ് വിപണിയിൽ എത്തിക്കുന്നത്. ഒക്ടോബർ 2022 വരെ കേരളാ ഫീഡ്സിന്റെ കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയേക്കാൾ 185/- രൂപ വില കുറവ് ഉണ്ടായിരുന്നു. നവംബർ മാസത്തിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചപ്പോൾ പോലും ഉത്പാദന ചെലവിലുണ്ടായ വർദ്ധനവിനെ പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിലുള്ള വില വർദ്ധനവ് കേരളാ ഫീഡ്സ് വരുത്തിയിട്ടില്ല. നിലവിലും കേരള ഫീഡ്സ് കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ |

| | | | |
|---|---|---|---|
| | | | മേഖലയിലെ കാലിത്തീറ്റയെക്കാൾ 35/- രൂപ വിലക്കുറവ് ഉണ്ട്. |

സെക്ഷൻ ഓഫീസർ

## <u>വിശദീകരണക്കുറിപ്പ്</u>

**എ)** പരിശോധിച്ചിട്ടുണ്ട്, ഉൽപ്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം കാലികളുടെ തീറ്റച്ചെലവാണ്. കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ ഉത്പ്പാദിപ്പിക്കപ്പെടുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്, അത് കൊണ്ട് തന്നെ കാലിത്തീറ്റ വില വർദ്ധനവ് അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റത്തിന് ആനുപാതികമായാണ് ഉണ്ടാകുന്നത്. കൂടാതെ നമ്മുടെ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ വേതനവും കൂടുതലാണ്. ഇതും ക്ഷീര മേഖലയിലെ ഉൽപ്പാദന ചിലവ് കൂടുന്നതിന് കാരണമാകുന്നുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റകൾ മറ്റ് ബദൽ തീറ്റ വസ്തുക്കൾ എന്നിവ പരമാവധി വില കുറച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി സർക്കാർ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം അവശ്യ സാധനങ്ങളുടെ വിലക്കയറ്റം മികച്ച ഉത്പ്പാദനശേഷിയുള്ള പശുക്കളുടെ വില വർദ്ധനവും അവയുടെ ദൗർലഭ്യവും ഡീസൽ വില വർദ്ധനവുമൂലമുണ്ടാകുന്ന ട്രാൻസ്പോർട്ടേഷൻ ചെലവും പണിക്കാരുടെ കൂലി വർദ്ധനവും വൈദ്യുതി ചാർജ്ജിലുണ്ടായ വില വർദ്ധനവും ഉത്പ്പാദനച്ചെലവുകൾ വർദ്ധിക്കുന്നതിന് കാരണങ്ങളാണ്. ക്ഷീര മേഖലയുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന മറ്റൊരു പ്രധാന ഘടകം കാലികളുടെ ചികിത്സാ ചിലവാണ്. ആവശ്യമായിവരുന്ന എല്ലാ സമയത്തും ലഭിക്കാവുന്നതും ചെലവ് കുറഞ്ഞതുമായ മൃഗ ചികിത്സാ സൗകര്യം ലാഭകരമായ പശുവളർത്തലിന് അനിവാര്യമാണ്. മരുന്നുകളുടെ ഉയർന്ന വിലയും കർഷകരുടെ വീടുകളിലേയ്ക്കുള്ള യാത്രാ ബുദ്ധിമുട്ടുകളും മൃഗ ചികിത്സയ്ക്കുള്ള ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

പശുക്കളുടെ വളർച്ചക്ക് ആവശ്യമായത് 40% കാലിത്തീറ്റയും 60% പച്ചപ്പുല്ലുമാണ്. കാലിത്തീറ്റയുടെ ഉത്പാദനം നടത്തുന്നത് കാർഷിക ഉത്പന്നങ്ങളും, അവയുടെ ഉപോത്പന്നങ്ങളും, ശാസ്ത്രീയമായ രീതിയിൽ മിശ്രണം ചെയ്താണ്. ഇങ്ങനെയുള്ള കാർഷിക ഉത്പന്നങ്ങളും, അവയുടെ ഉപോത്പന്നങ്ങളും, 1% പോലും കേരളത്തിൽ ഉത്പാദിപ്പിക്കുന്നില്ല എന്നുള്ളത് കാലിത്തീറ്റ നിർമ്മാണത്തിന് പ്രതിസന്ധി ഉണ്ടാക്കുന്ന ഘടകമാണ്. അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനാൽ ഗതാഗത സൗകര്യം ഏർപ്പെടുത്തി കയറ്റിറക്ക് കൂലി ഉൾപ്പെടെ കൊണ്ടുവരുമ്പോൾ ഗുണമേന്മയുള്ള കാലിത്തീറ്റയുടെ വില കൂടുതലാകുന്നു. എന്നാൽ ഏകീകൃതമായ സംവിധാനത്തിലൂടെ പ്രസ്തുത വിഷയം പരിഹരിക്കാൻ കഴിയും.

**ബി)** ക്ഷീര കർഷകർക്കുള്ള പാൽ വില വർദ്ധനവ് **01.12.2022** മുതലാണ് പ്രാബല്യത്തിൽ വരുന്നത്. ആയത് കൊണ്ട് തന്നെ ഇതുമായി ബന്ധപ്പെട്ട കർഷകതലത്തിലുള്ള അഭിപ്രായങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതാണ്. എന്നിരുന്നാലും പാൽ വില വർദ്ധനവിലൂടെ കർഷകർക്ക് ഒരു ലിറ്റർ പാലിന് **5.025** രൂപ ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉൽപ്പാദന ചെലവിന് ആനുപാതികമായി ന്യായവില

ലഭ്യമാക്കുവാൻ സാധിക്കും എന്നാണ് കരുതുന്നത്.

**സി)** പച്ചപ്പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമം പരിഹരിക്കാൻ വേണ്ടി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷ ക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. **2022-23** വർഷത്തിൽ **257** ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് **3** രൂപ നിരക്കിലും, വൈക്കോൽ **T M R** ഉടങ്ങിയവയ്ക്ക് കിലോഗ്രാമിന് **4** രൂപ നിരക്കിലും ഒരു ഉണഭോക്താവിന് പരമാവധി **7,000/-** രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

**ഡി)** അസംസ്കൃത വസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും മറ്റ് സ്വകാര്യ സംരംഭകർ കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചപ്പോഴും സർക്കാർ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പ്രത്യേക കാലയളവുകളിൽ ഡിസ്കൗണ്ടുകളും കാലിത്തീറ്റ സബ്സീഡിയും നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി കാലിത്തീറ്റ വില വർദ്ധനവ് വരുത്തിയ സാഹചര്യത്തിലും സർക്കാർ ക്ഷീര കർഷകരെ സഹായിക്കുന്നതിനു വേണ്ടി സബ്സീഡികൾ നൽകി വരുന്നു.

അസംസ്കൃത വസ്തുക്കളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും മറ്റ് സ്വകാര്യ സംരംഭകർ കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചപ്പോഴും മിൽമ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിരുന്നില്ല. മാത്രമല്ല പ്രത്യേക കാലയളവുകളിൽ ഡിസ്കൗണ്ടുകളും മേഖലാ യൂണിയനുകൾ വഴി കാലിത്തീറ്റ സബ്സിഡിയും നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ മിൽമ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി കാലിത്തീറ്റ വില വർദ്ധവ് വരുത്തിയ സാഹചര്യത്തിലും മേഖലാ യൂണിയനുകൾ അവരുടെതായ നിലയിൽ ക്ഷീര കർഷകരെ സഹായിക്കുന്നതിനു വേണ്ടി സബ്സിഡികൾ നല്കി വരുന്നു.

കേരള ഫീഡ്സ് ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റകൾ ഏറ്റവും ന്യായമായ വിലയ്ക്ക് ആണ് വിപണിയിൽ എത്തിക്കുന്നത്. ഒക്ടോബർ 2022 വരെ കേരളാ ഫീഡ്സിന്റെ കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയേക്കാൾ 185/- രൂപ വില കുറവ് ഉണ്ടായിരുന്നു. നവംബർ മാസത്തിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചപ്പോൾ പോലും ഉത്പാദന ചെലവിലുണ്ടായ വർദ്ധനവിനെ പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിലുള്ള വില വർദ്ധനവ് കേരള ഫീഡ്സ് വരുത്തിയിട്ടില്ല. നിലവിലും കേരള ഫീഡ്സ് കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയെക്കാൾ 35/- രൂപ വിലക്കുറവ് ഉണ്ട്.